**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 681** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ എത്ര എൽ.ഇ.ഡി. ബൾബുകൾ ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ 19.08.2022 ലെ കണക്കുകൾ പ്രകാരം 11228443 എൽ.ഇ.ഡി ബൾബുകൾ 1432729 ഉപഭോക്താക്കൾക്കായി വിതരണം ചെയ്തു കഴിഞ്ഞു.<br><br>പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ഒരു കോടി പതിനേഴ ലക്ഷത്തി അൻപതിനായിരം എൽ ഇ ഡി ബൾബുകൾ വാങ്ങുന്നതിനായി കെ. എസ്. ഇ. ബി- എൽ ആകെ 54,87,25,000/- രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ബി) | തെരുവ് വിളക്കുകൾ എൽ.ഇ.ഡി. യിലേക്ക് മാറ്റുന്ന പദ്ധതി പ്രകാരം എത്ര തെരുവ് വിളക്കുകൾ ഇതിലേക്ക് മാറ്റിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | നിലാവ് പദ്ധതി പ്രകാരം നാളിതുവരെ 3.52 ലക്ഷം തെരുവുവിളക്കുകൾ LED യിലേക്ക് മാറ്റിയിട്ടുണ്ട്. EESL നുള്ള പേയ്മെന്റ് ആയി ഒന്നാം ഘട്ടത്തിൽ 30.31 കോടി രൂപയും രണ്ടാം ഘട്ടത്തിൽ ഇതുവരെ 20.69 കോടി രൂപയും ഉൾപ്പടെ ആകെ 51 കോടി രൂപ ഇതുവരെ KIIFB നൽകിയിട്ടുണ്ട്.<br><br>നിലവിൽ ഉള്ള പരമ്പരാഗത തെരുവുവിളക്കുകൾ അഴിച്ചു മാറ്റി പകരം പുതിയ LED വിളക്കുകൾ സ്ഥാപിച്ചു കമ്മീഷൻ ചെയ്തു നൽകുന്ന ജോലി ചെയ്ത വകയിൽ ഇതുവരെ KSEB യ്ക്ക് 12.74 കോടി രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ